കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഒക്‌ടോബർ 20 ശനി

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ഉത്തരവാദിത്ത ടൂറിസം മിഷനിൽ പേര് രജിസ്റ്റർ ചെയ്യാം

സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻന്റെ നേതൃത്വത്തിൽ കലാ പ്രവർത്തകർക്കായി ഒരുക്കുന്ന ഓൺലൈൻ പ്ലാറ്റ്‌ഫോമിന്റെ ഭാഗമാകാൻ താത്പര്യമുള്ളവർ ഉത്തരവാദിത്ത ടൂറിസം മിഷനിൽ പേര് രജിസ്റ്റർ ചെയ്യണം.

ഒക്ടോബർ 28 ന് വൈകിട്ട് അഞ്ചിനകം ഏതെങ്കിലും ഒരു അംഗീകൃത തിരിച്ചറിയൽ കാർഡും രണ്ട് പാസ്‌പോർട്ട് സൈസ് ഫോട്ടോയും സഹിതം കാസറഗോഡ് താലൂക്ക് ഓഫീസിന് സമീപമുള്ള ജില്ലാ ടൂറിസം ഓഫീസിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ കോർഡിനേറ്റർവശം പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.വിശദവിവരങ്ങൾക്ക് www.keralatourism.org/rtഫോൺ : ധന്യ 9847398283.

## കെ-ടെറ്റ് സർട്ടിഫിക്കറ്റ് പരിശോധന

കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള വിവിധ സെന്ററുകളിൽ ഓഗസ്റ്റ് 2017 ന് കെ-ടെറ്റ് പരീക്ഷയെഴുതി വിജയിച്ചവരിൽ ഇതേവരെയും സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാകാത്തവർക്ക് ഒക്ടോബർ 23 ന് രാവിലെ 11 മുതൽ 12 മണിവരെ ഒരിക്കൽ കൂടി അവസരം നൽകും.ഒറിജിനൽ സർട്ടിഫിക്കറ്റുകളും, ഓരോ പകർപ്പും, ഹാൾടിക്കറ്റുമായി ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ 04672206233, 9447450102 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## മത്സ്യത്തൊഴിലാളി പട്ടിക സമഗ്രമാക്കുന്നു.

ജില്ലയിൽ മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് മുഖാന്തിരം നിലവിലുള്ള മുഴുവൻ മത്സ്യഗ്രാമങ്ങളിലെയും മത്സ്യത്തൊഴിലാളി പട്ടികകൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി നിലവിൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ആധാർ നമ്പർ, ബാങ്ക്അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ശാഖ, ഐ.എഫ്.എസ്.കോഡ്, മത്സ്യത്തൊഴിലാളിയുടെ വയസ്സ് തെളിയിക്കുന്നതിനുള്ളരേഖ (സ്ക്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്സ്പോർട്ട് മുതലായവ), ഫോൺ നമ്പർ, ബയോമെട്രിക് കാർഡ്ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നമ്പർ എന്നിവയുടെവിവരങ്ങൾ അതാത് ഫിഷറീസ് ഓഫീസുകളിൽ ഒക്ടോബർ 25 മുതൽ നവംബർ 5 വരെ ശഖരിക്കുന്നു. ആയതിനുള്ള പ്രൊഫോർമ അതാത് ഫിഷറീസ് ഓഫീസുകളിൽ ലഭ്യമാണ്. കൂടാതെജില്ലയിലെ ഫിഷറീസ് സഹകരണസംഘങ്ങൾ, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും.. നിർദ്ദിഷ്ട പ്രൊഫോർമയിലെ വിവരങ്ങൾ തയ്യാറാക്കുന്നതിന് അതാത് മത്സ്യഗ്രാമങ്ങളിലെ ക്ലബ്ബുകൾ, സന്നദ്ധ പ്രവർത്തകസംഘങ്ങൾ, ട്രേഡ് യൂണിയൻ സംഘടനകൾ, മറ്റ് ഇതര സന്നദ്ധ പ്രവർത്തകർ എന്നിവരുടേയും സേവനം ഉപയോഗപ്പെടുത്തണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രൊഫോർമകൾ മൊത്തമായി ശേഖരിച്ച് ഫിഷറീസ്ഓഫീസുകളിൽ എത്തിക്കണം. മുഴുവൻ മത്സ്യത്തൊഴിലാളികളുടെയുംവിവരങ്ങൾതെറ്റ്കൂടാതെ തയ്യാറാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.പ്രൊഫോർമതയ്യാറാക്കിസമർപ്പിക്കുന്നതിന്ബുദ്ധിമുട്ടുള്ളവർക്ക്മേൽപ്പറഞ്ഞ രേഖകളുടെ പകർപ്പുകൾ ഫിഷറീസ് ഓഫീസുകളിൽ എത്തിച്ച് നൽകാവുന്നതുമാണ്.കൂടുതൽവിവരങ്ങൾക്ക്9497715589, 9497715588, 9497715591.

## വനിത യോഗ പരിശീലക നിയമനം

കാഞ്ഞങ്ങാട് ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ വനിതകൾക്ക് യോഗപരിശീലനം നൽകുന്നതിന് താല്പര്യമുള്ളവർ നിശ്ചിത യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഒക്ടോബർ 23 ന് 2 മണിക്ക് കാഞ്ഞങ്ങാട് ബ്ലോക്ക് ആഫീസ് കോൺഫറൻസ് ഹാളിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04672217437 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

## മന്ത്രി ഇ ചന്ദ്രശേഖരൻ ജില്ലയിൽ

മന്ത്രി ഇ ചന്ദ്രശേഖരൻ ഇന്നും(21) നാളെയും(22) ജില്ലയിലെ പൊതുപരിപാടികളിൽ പങ്കെടുക്കും.

## റാങ്ക് നീക്കം ചെയ്തു

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് മലയാളം മീഡിയം (കാറ്റഗറി നം.660/12) തസ്തികയുടെ സാധ്യതാപട്ടികയുടെ എസ്.സി. സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും രജി.നം.137923 നീക്കം ചെയ്തതായി ജില്ലാ പി.എസ് സി ഓഫീസർ അറിയിച്ചു.

## പുനർ ലേലം

വിൽപ്പന നികുതി കുടിശ്ശിക വരുത്തിയതിനാൽ ജപ്തി ചെയ്ത പെരിയ വില്ലേജിലെ റീ സർവ്വെ 70/3 ൽ പ്പെട്ട 0.20 ഏക്കർ ഭൂമിയും അതിലെ സകല ചമയങ്ങളും, ഒക്ടോബർ 27 ന് രാവിലെ 11 മണിക്ക് പെരിയ വില്ലേജ് പരിസരത്ത് ലേലം ചെയ്യും. ലേല സംബന്ധമായ കുടുതൽ വിവരങ്ങൾക്ക് ഹോസ്ദുർഗ് താലൂക്കാഫീസുമായോ, പനയാൽ വില്ലേജാഫീസുമായോ ബന്ധപ്പെടണം. ഫോൺ-0467 220 4042.

## റോളറുകൾ ലേലം ചെയ്യും.

ജില്ലാപഞ്ചായത്ത് ഓഫീസിന്റെ അധീനതയിലുള്ള ദാരിദ്ര്യ ലഘുകരണ വിഭാഗത്തിൽ രണ്ട് റോഡ് റോളറുകൾ ഒക്ടോബർ 26 ഉച്ചക്ക് 12 ന് ലേലം ചെയ്യും. ഫോൺ-04994 255944.

## ആർ ടി എ യോഗം

ഒക്ടോബർ 25 ന് നടക്കുന്ന കാസർഗോഡ് ആർ.ടി.എ. മീറ്റിങ്ങിന്റെ അജണ്ട മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാസർഗോഡ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ അറിയിച്ചു.

## ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപികരിച്ചു

പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപികരിച്ചു. പ്രവാസികൾക്ക് അവരുടെ പരാതികൾ കൺവീനർ, ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി, ആൻഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി ഒ, കാസറഗോഡ് എന്ന വിലാസത്തിൽ അയക്കാവുന്നതാണ്. ഫോൺ-04994 255782, 255803 ഇ-മെയിൽ വിലാസം - ddpksgd@gmail.com,ddpksd.dop.lsgd@kerala.gov.in

## മീറ്റപ് കഫേ ഒക്ടോബർ 23 ന്

സ്റ്റാർട്ടപ്പുകളുടെ നിയമപരമായ കാര്യങ്ങൾ വിശദീകരിക്കുന്നതിനു ‘സ്റ്റാർട്ടപ്പുകളും നിയമങ്ങളും‘എന്ന വിഷയത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ ഒക്ടോബർ 23 നു മീറ്റപ് കഫേ സംഘടിപ്പിക്കുന്നു .ഒരു സ്റ്റാർട്ടപ്പ് എങ്ങനെ ആരംഭിക്കാം,സ്റ്റാർട്ടപ്പുകൾക്കുള്ള നിയമപരമായ ആനുകൂല്യങ്ങൾ,പരിരക്ഷകൾ തുടങ്ങി സ്റ്റാർട്ടപ് സംബന്ധമായ നിയമങ്ങൾ പ്രഗത്ഭ ട്രയിനറും സ്റ്റാർട്ടപ്പ് മേഖലയിലെ നിയമ വിദഗ്ദ്ധനുമായ ചാർട്ടേഡ് അക്കൗണ്ടന്റ് ഹരികൃഷ്ണൻ വി

സംസാരിക്കും.ഒക്ടോബർ 23 നു രാവിലെ 10 ന് ജില്ലാ പഞ്ചായത്തിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷൻ ഓഫീസിലാണ് പരിപാടി. ബിസിനെസ്സ് രംഗത്തു മികവ് തെളിയിച്ചവരും , മികച്ച സ്റ്റാർട്ടപ്പുകളുടെ ഫൗണ്ടർമാരും,അക്കാദമിക് വിദഗ്ദ്ധരും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനുള്ള ഒരു പ്ലാറ്റ്‌ഫോം എന്ന രീതിയിലാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ മീറ്റപ്പ് കഫെ ആവിഷ്കരിച്ചിരിക്കുന്നത്.സ്വയം സംരഭകത്വത്തിൽ താല്പര്യമുള്ള പുതുതായി എന്തെങ്കിലും ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും പരിചയസമ്പന്നരായ സംരഭകരിൽ നിന്നും സാങ്കേതികമായ സഹായങ്ങൾ അക്കാദമിക് വിദഗ്ദ്ധരിൽ നിന്നും ലഭിക്കും.പങ്കെടുക്കാൻ താല്പര്യമുള്ളവർ https://goo.gl/mnrhrP എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുകയോ 7736495689 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യണം.

## ചന്ദനം വില്പനയ്ക്ക്

പരപ്പ സർക്കാർ തടി ഡിപ്പോയിൽ മറയൂരിൽ നിന്നും ശേഖരിച്ച നല്ലയിനം ചന്ദനം ചില്ലറ വിൽപ്പന നടത്തും.ആവശ്യക്കാർ തിരിച്ചറിയൽ കാർഡ് ,പാൻ കാർഡ് എന്നീ രേഖകളുമായി നേരിട്ട് ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് ഫോൺ .8547602862,8547602863,046994 270060.

## ക്വട്ടേഷൻ ക്ഷണിച്ചു

കുടുംബശ്രീ ജില്ലാമിഷന്റെ കീഴിൽ ജില്ലയിൽ കൊറഗ എസ് ടി സ്പെഷ്യൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസ് ആവശ്യ ത്തിനായി ടാക്സി വാഹനം ഒരു വർഷത്തേക്ക് ടെണ്ടർ ക്ഷണിച്ചു. വിവര ങ്ങൾ സഹിതമുള്ള ക്വട്ടേഷൻ ഒക്ടോബർ 23 ന് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ വൈകുന്നേരം 3.30 മണി വരെ സ്വീകരിക്കും. വിശദവിവരങ്ങൾ സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംശ്രീ ജീല്ലാ മിഷൻ ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്. കുടുതൽ വിവരങ്ങൾക്ക് ജില്ലാ മിഷനു മായി ബന്ധപ്പെടാം. ഫോൺ- 04994 256111.

( അവസാനിച്ചു)

.